(ബി) മലമൂത്രവിസർജ്ജനം ചെയ്യുന്നതിനു് അവിടെ ആളുകൾ വളരെ ബുദ്ധിമുട്ടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പബ്ലിക്കു് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനു് ഇതിനെ സംബന്ധിച്ചു് വല്ല നിർദ്ദേശവും സമർപ്പിക്കാനുണ്ടോ :

(സി) ഉണ്ടെങ്കിൽ ആ നിർദ്ദേശം നടപ്പിലാക്കാൻ ഗവണ്മെൻറു് നടപടി എടുക്കുമോ ?

ഉത്തരം

(എ) പ്രത്യേക സൗകര്യം ഇല്ല.
(ബി) ഇല്ല.
(സി) ഇല്ല. ഈ വക കാര്യങ്ങളിൽ സ്ഥലത്തെ പഞ്ചായത്തിനു നടപടികൾ എടുക്കാവുന്നതാണു്.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

തലക്കൊളത്തൂർ ശുദ്ധജലവിതരണം

119. [14] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടതാലൂക്കിലെ തലക്കൊളത്തൂർ വില്ലേജിൽ ശുദ്ധജല വിതരണത്തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി കഴിഞ്ഞുവോ;

(ബി) ഓവർഹെഡ് ടാങ്കുകെട്ടി പൈപ്പുകൾ ഇട്ടു് ജലവിതരണം നടത്തുന്നതോ, കുഴൽകിണറുകൾ സ്ഥാപിക്കുന്നതോ ആ സ്ഥലത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രായോഗികമായിട്ടുള്ളതു് ;

(സി) ഇതിനുള്ള എന്തു നടപടികളെടുത്തു ;

(ഡി) ഡെവലപ്പുമെൻറു് കൗൺസിലിൻറെ അംഗീകാരത്തിനു ഈ സ്കീം അയച്ചുവോ ;

(ഈ) ഈ സ്കീം എപ്പോഴേയ്ക്കും പ്രായോഗികമാകും ?

ഉത്തരം

(എ) കോഴിക്കോട്ട തലക്കൊളത്തൂർ വില്ലേജിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻവേണ്ടി പഞ്ചായത്തുബോർഡു് അഭ്യർത്ഥിച്ചിട്ടുണ്ടു്. ഇൻവെസ്റ്റിഗേഷൻ നടത്തിതീർന്നിട്ടില്ല.

(ബി) ഇൻവെസ്റ്റിഗേഷൻ നടത്തിയാൽമാത്രമേ പദ്ധതിയുടെ പ്രായോഗികരൂപം മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

(സി) എസ്റ്റിമേറുതയാറാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു.

(ഡി) എസ്റ്റിമേറു തയാറായിക്കഴിഞ്ഞാലുടനെ ഡി. ഡി. സി സ്കീം അംഗീകാരത്തിനയക്കുന്നതുണ്ടു്,

(ഈ) എസ്റ്റിമേറു് സാംഗ്ഷൻ ചെയ്യുകയും ഡി. ഡി. സി. അംഗീകരിക്കുകയും ചെയ്താൽ 64–65 സാമ്പത്തികവർഷത്തിൽ ജോലികൾ ആരംഭിക്കാവുന്നതാണു്.

ഏലത്തൂർ ശുദ്ധജലവിതരണം

120. [15] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടതാലൂക്കിലെ ഏലത്തൂർ ഓവർ ഹെഡ്ടാങ്കിൻറെ എസ്റ്റിമേറു് തയാറായിക്കഴിഞ്ഞോ ;

LIBRARY ARCHIVES Kerala Legislative Assembly